# ഗ്രാമവികസന വകുപ്പ് അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണറുടെ നടപടിക്രമം

**(ഹാജർ : വി.എസ്.സന്തോഷ് കുമാർ)**

വിഷയം :- ഗ്രാ.വി.വ-പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിലേയ്ക്കായി -ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) സർക്കാരിന്റെ 16.08.2018 തീയതിയിലെ ജി.ഒ(ആർ.റ്റി) 2262/2018/തസ്വഭവ നമ്പർ ഉത്തരവ്.

2) ഈ ഓഫീസിൽ നിന്നുള്ള 16.08.2018 തീയതിയിലെ ഇതേ നമ്പർ കത്ത്.

3) 17/08/2018 ലെ അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ നിർദ്ദേശം.

---

**ഉത്തരവ് നം. ഡിപി4/12889/18/സിആർഡി** **തീയതി: 17/08/2018**

---

കാലവർഷക്കെടുതി മൂലമുള്ള പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൃത്യതയോടെയും ഉത്തരവാദിത്വത്തോടെയും നടത്തുന്നതിലേക്ക് ഗ്രാമവികസന വകുപ്പിന്റെ എല്ലാ ജില്ലകളിലെയും ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രോജക്ട് ഡയറക്ടർമാർ മറ്റ് ജില്ലാതല ഓഫീസർമാരുടെയും തങ്ങളുടെ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളുടെയും സഹകരണത്തോടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും നിലവിലുള്ള റവന്യൂ/ഡിസാസ്റ്റർ മാനേജ്മെന്റ് ടീമിന് സഹായകരമായി ജില്ലാ കളക്ടറുടെ നിർദ്ദേശങ്ങൾ പാലിച്ചു പ്രവർത്തിക്കേണ്ടതുമാണ്.

**ചുമതലകൾ:-**

1. സർക്കാരിൽ നിന്നുള്ള 16.08.2018 തീയതിയിലെ ജി.ഒ.(ആർ.ടി)നം. 2262/2018/എൽ.എസ്. ജി.ഡി നമ്പർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഓരോ ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ജോയിന്റ് ബി.ഡി.ഒ/എക്സ്റ്റൻഷൻ ഓഫീസർമാർ/ഹെഡ് ക്ലാർക്ക്/ഹെഡ് അക്കൗണ്ടന്റുമാർ എന്നിവർ ചുമതലക്കാരായും വി.ഇ.ഒ/മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരെ അസിസ്റ്റന്റുമാരുമായും നിയോഗിച്ച് പ്രത്യേക ടീമിനെ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം തുറക്കേണ്ടതുമാണ്.
3. ടീമുകൾ നിലവിലുള്ള റവന്യൂ/ഡിസാസ്റ്റർ മാനേജ്മെന്റ് ടീമിന് സഹായകരമായി പ്രവർത്തിക്കേണ്ടതാണ്.
4. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അകപ്പെട്ട കുടുംബങ്ങളെ കണ്ടെത്തി നിലവിലെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് റവന്യൂ വകുപ്പിന് കൈമാറേണ്ടതാണ്.
6. ആവശ്യമെങ്കിൽ വലിയ ക്യാമ്പുകളിൽ ഒരു ഉദ്യോഗസ്ഥനെ ക്യാമ്പ് മാനേജരായി നിയോഗിക്കാവുന്നതാണ്.
7. പുതുതായി ക്യാമ്പുകൾ തുടങ്ങുന്നതിന് അനുയോജ്യമായ കെട്ടിടങ്ങൾ കണ്ടെത്തി റവന്യൂ വകുപ്പിനെ അറിയിക്കേണ്ടതാണ്.
8. ക്യാമ്പ്, പി.എച്ച്.സി സംവിധാനം മരുന്നുകൾ, ഭക്ഷണം മറ്റ് നിത്യോപയോഗ സാധനങ്ങൾ വസ്ത്രങ്ങൾ തുടങ്ങിയവ ശേഖരിക്കാൻ റവന്യൂ വകുപ്പിനെ സഹായിക്കേണ്ടതാണ്.

9. കുടിവെള്ളവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് ക്രമീകരിക്കുകയും ആവശ്യമുള്ള ക്യാമ്പുകളിൽ കുടിവെള്ളം എത്തിക്കേണ്ടതുമാണ് ഇക്കാര്യം റവന്യൂ വകുപ്പിനെ അറിയിക്കുകയും വേണം.

10. ജില്ലയിലെ ജില്ലാ മെഡിക്കൽ ഓഫീസർ(ഹെൽത്ത്), റവന്യൂ ഓഫീസർമാർ തുടങ്ങിയവരുടെ സഹായത്തോടെ വേണ്ട വിധത്തിലുള്ള ഏകോപിത പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

11. ഗ്രാമവികസന വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥരും സർവ്വ സഹായങ്ങളും ദുരിതബാധിതർക്ക് നൽകുന്നതിനായി തയ്യാറാകേണ്ടതാണ്.

12. <u>ദുരിതശ്വാസ പ്രവർത്തനങ്ങൾ അവസാനിക്കും വരെ സംസ്ഥാന, ജില്ല, ബ്ലോക്ക്തലത്തി ലുള്ള ഒരു ഉദ്യോഗസ്ഥർക്കും അവധി അനുവദിക്കുന്നതല്ല.</u>

ഒപ്പ്

അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ I

സ്വീകർത്താവ്:-

1. എല്ലാ പ്രോജക്ട് ഡയറക്ടർ മാർക്കും.
2. എല്ലാ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)/(പി.എ)മാർക്കും.
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും.
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്

എസ്.എസ് 17.8.2018